"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - തിരൂർ ഭാഗ്യക്കുറി സബ് ഓഫീസിന്റെ പ്രവർത്തനത്തിനായി ബി.എസ്.എൻ.എൽ ന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം വാടകയ്ക്കെടുക്കുന്നതിനുള്ള അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.515/2024/TAXES തീയതി,തിരുവനന്തപുരം, 11-06-2024

---

പരാമർശം:- സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 11.01.2024 ലെ SLTY/3978/2023-MOD INFRA1 SL നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ മലപ്പുറം ജില്ലാ ഓഫീസിനു കീഴിൽപ്രവർത്തിക്കുന്ന തിരൂർ ഭാഗ്യക്കുറി സബ് ഓഫീസ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കെട്ടിടത്തിന്റെ വാടകകരാർ അവസാനിച്ചിട്ടുള്ളതിനാലും കെട്ടിട ഉടമ വാടകകരാർ പുതുക്കാൻ തയ്യാറല്ലാത്തതിനാലും ഓഫീസ് പ്രവർത്തനത്തിന് അനുയോജ്യമായ മറ്റൊരു കെട്ടിടം അന്വേഷിക്കുകയും, അതിൻപ്രകാരം തിരൂർ മുനിസിപ്പാലിറ്റി പരിധിയിൽ സർക്കാർ കെട്ടിടങ്ങൾ ഒന്നും തന്നെ ലഭ്യമല്ല എന്ന പി.ഡബ്ല്യു.ഡി അധികാരികളുടെ സാക്ഷ്യപത്രം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ, തിരൂർ ഭാഗ്യക്കുറി സബ് ഓഫീസ് നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിൽനിന്ന് മാറ്റി സ്ഥാപിക്കുന്നതിനായി BSNL -ന്റെ ഉടമസ്ഥതയിലുള്ള 1980 sq.ft വിസ്തീർണ്ണം വരുന്ന കെട്ടിടം ₹31,680/- മാസവാടക നിരക്കിൽ (ജി.എസ്.സി. കൂടാതെ) വാടകയ്ക്ക് എടുക്കുന്നതിനും, ഓരോ വർഷവും 5% വാടക വർദ്ധനവ് അനുവദിക്കുന്നതിനും അനുമതി നൽകണമെന്ന് പരാമർശം പ്രകാരം സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വാർഷിക വർദ്ധന തുക ഇപ്പോൾ അനുവദിക്കുന്ന വാടക തുക അടിസ്ഥാനപ്പെടുത്തിയ നിരക്കിൽ ആയിരിക്കണം എന്ന് വാടക കരാറിൽ വ്യക്തമാക്കണം എന്ന വ്യവസ്ഥയിൽ, തിരൂർ ഭാഗ്യക്കുറി സബ് ഓഫീസ് നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിൽനിന്ന് മാറ്റി സ്ഥാപിക്കുന്നതിനായി BSNL -ന്റെ ഉടമസ്ഥതയിലുള്ള 1980 sq.ft വിസ്തീർണ്ണം വരുന്ന കെട്ടിടം ₹31,680+GST രൂപ മാസവാടക

നിരക്കിൽ വാടകയ്ക്ക് എടുക്കുന്നതിനും, ഓരോ വർഷവും 5% വാടക വർദ്ധനവ് അനുവദിക്കുന്നതിനും സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വന്ദന എസ് കെ എ എസ്
അണ്ടർ സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ/ജി&എസ്എസ്എ) കേരള, തിരുവനന്തപുരം
4. വിവര പൊതുജന സമ്പർക്ക (വെബ്& ന്യൂ മീഡിയ) വകുപ്പ്
5. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (TAXES-H1/19/2024-TAXES)

ഉത്തരവിൻ പ്രകാരം

Signed by
Babu. G
Date: 11-06-2024 11:00:34
സെക്ഷൻ ഓഫീസർ